(ബി) 85 മീറ്റർ എം.എസ്.പൈപ്പിടൽ, 2 പമ്പു ഹൗസ് നിർമ്മിക്കൽ, ലീഡിംഗ് ചാനൽ, സിസ്റ്റേൺ ഇവ നിർമ്മിക്കൽ, പമ്പും മോട്ടോറും സപ്ലൈ ചെയ്യൽ, അവ ഫിറ്റ് ചെയ്യുക ഇവയാണ് ശേഷിക്കുന്ന പണികൾ.

(സി) മുകളിൽ പറഞ്ഞിരിക്കുന്ന പണികളുടെ പുതുക്കിയ എസ്റ്റിമേറ്റിനു അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുന്നതാണ്.

പാലേങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

37 (1704) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ പാലേങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മുഖേന എത്ര ഏക്കർ സ്ഥലത്ത് വെള്ളം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വെള്ളം കൂടുതൽ സ്ഥലത്തേക്ക് ലഭ്യമാക്കാൻ കനാലിന്റെ ലൈനിംഗ് നടത്തുവാൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാലേങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നും ഇപ്പോൾ 40 ഏക്കറോളം കൃഷിസ്ഥലത്ത് വെള്ളം ലഭിക്കുന്നുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ഏറ്റെടുത്ത് നടത്തുന്നതാണ്.

അഷ്ടമിച്ചിറ-പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

38 (1705) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജക മണ്ഡലത്തിലെ അഷ്ടമിച്ചിറ - പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷന്റെ പണികൾ നിർത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പണി എന്നു പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ രണ്ട് എൽ. ഐ. സ്കീമുകൾക്ക് കൂടിയുള്ള ചെമ്പോളൂരിലെ പൊതു പമ്പുഹൗസിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. അതിനുള്ള നടപടികൾ നടന്നുവരുന്നു. അഷ്ടമിച്ചിറ എൽ.ഐ.സ്കീമിനു ആവശ്യമായ 700 മി.മീ. വ്യാസമുള്ള പ്രിമോ പൈപ്പുകൾ ലഭ്യമല്ലാത്തതിനാൽ പകരം പി.വി.സി.യിലുള്ള രണ്ട് നിര പൈപ്പുലൈൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

പുത്തൻചിറ എൽ.ഐ.സ്കീമിന്റെ കനാൽ, ജീപ്പു റോഡ്, സൈഡ് പ്രൊട്ടക്ഷൻ എന്നീ പണികൾ ചെയ്തു തീർക്കാനുണ്ട്. കൂടാതെ രണ്ട് സ്കീമുകളുടെയും പമ്പുസെറ്റിന്റെ രൂപകൽപ്പനയ്ക്ക് അംഗീകാരവും ലഭിക്കേണ്ടതുണ്ട്.

(സി) പൊതു പമ്പുഹൗസ്, ട്രാൻസ്ഫോർമർ യാർഡ് എന്നിവയ്ക്കുള്ള സ്ഥലമെടുപ്പു നടപടികൾ നടന്നുവരുന്നു. പമ്പ്, മോട്ടോർ എന്നിവയുടെ രൂപകൽപ്പനയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പണി പൂർത്തീകരിക്കുന്നതാണ്.

ആറാട്ടുകടവ്മാവിളക്കടവ് ബണ്ട്

39 (1706) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നെയ്യാറിനു കിഴക്കുവശം ആറാട്ടുകടവ് - മാവിളക്കടവ് ബണ്ടിന് 1982 ൽ സ്ഥലം എടുക്കുന്നതിനുള്ള പൊന്നുംവില നൽകാൻ നടപടി പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ഥലമുടമകൾക്ക് പൊന്നുംവില കൊടുക്കുന്നതിനുള്ള 20 ലക്ഷം രൂപയും, ബണ്ട് പണിയുന്നതിന് 43 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കൊല്ലം തന്നെ പണി ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെയ്യാറിന്റെ ഇടതുകരയിൽ ആറാട്ടുകടവ്-മാവിളക്കടവ് ബ്രിഡ്ജ് വരെ മഴുപാറ ബണ്ടിന്റെ നിർമ്മാണം എന്ന പ്രവർത്തിയുടെ ലാന്റ് അക്യൂസിഷൻ ചാർജ്ജാക്കി 20 ലക്ഷം രൂപയും ബണ്ട് പണിയുന്നതിനായി 28 ലക്ഷം രൂപയും ഈ വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബഡ്ജറ്റിൽ തുക വകയിരുത്തുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

മാവിളക്കടവ്-പൊയ്പാറ ബണ്ട്

40 (1707) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെകാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറിന്റെ കിഴക്കേക്കരയിൽ മാവിളക്കടവ്-പൊയ്പ്പാറ ബണ്ട് പണിയുന്നതിനുള്ള നടപടികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ; പ്രൊപ്പോസൽ സമർപ്പിച്ചതനുസരിച്ച് 50 ലക്ഷം രൂപ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly